**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1863 — 14.08.2017 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) & (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ നിന്നും കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിലേയ്ക്ക് തിരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വണ്ടാഴി, കിഴക്കൻഞ്ചേരി എന്നി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ ആലത്തൂർ താലൂക്ക് ആശുപത്രിയെയും ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി. പി.എച്ച്.സി-കളിൽ ഓരോ മെഡിക്കൽ ആഫീസർമാരുടേയും രണ്ടുവീതം സ്റ്റാഫ് നഴ്സുമാരുടേയും, ഓരോ ലാബ് ടെക്നീഷ്യന്റെയും അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ടി കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയിലറ്റ് സൗകര്യങ്ങൾ, എന്നിവയ്ക്കും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ,, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്ക്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ |
| (ബി) | നിലവിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | |

| | | | | |
|---|---|---|---|---|
| | | | | നടന്നുവരുന്നു.<br>ജീവിതശൈലീരോഗങ്ങൾ അടക്കമുള്ള വിവിധ രോഗങ്ങളുടെ സമഗ്ര പ്രാഥമിക ആരോഗ്യപരിചരണത്തിന് ഈ കേന്ദ്രങ്ങളെ സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഒരു റവന്യൂ താലൂക്കിൽ നിശ്ചിത മാനദണ്ഡങ്ങളോട് കൂടിയ ഒരു താലൂക്കാശുപത്രി വികസിപ്പിക്കാനും ആർദ്രം പദ്ധതി ലക്ഷ്യമിടുന്നു. അതിലേയ്ക്ക് രണ്ടുവീതം സ്റ്റാഫ് നഴ്സുമാരുടേയും, ഓരോ ലാബ് ടെക്നീഷ്യന്റെയും തസ്തിക സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഡോക്ടർമാരുടേതടക്കം മറ്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ